28 (320) സംസ്ഥാനത്തെ മദ്യ ഉപഭോഗം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മദ്യഉപഭോഗത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ പ്രതിവർഷം വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ അളവെത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്പിരിറ്റിൽ കളർ ചേർത്തു ഇൻഡ്യൻ നിർമ്മിതവിദേശ മദ്യത്തിന്റെ ലേബലിൽ സംസ്ഥാനത്ത് വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഡി) സംസ്ഥാനത്തെ കള്ളവാറ്റ് ഫലപ്രദമായി തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ബി.സി. യുടെ വിവിധ ജില്ലകളിലെ വെയർഹൗസുകളിൽനിന്നും വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1998-99-ൽ 56463375 ബൾക്ക് ലിറ്ററും നടപ്പ് സാമ്പത്തിക വർഷം ഏപ്രിൽ, മെയ് മാസങ്ങളിൽ 1,04,51,187 ബൾക്ക് ലിറ്ററും മദ്യം വിറ്റിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വ്യാജ മദ്യ ഉല്പാദനവും വില്പനയും നടക്കുന്നതിന് അടിക്കടി റെയ്ഡുകളും മിന്നൽ പരിശോധനകളും നടത്തി വ്യാജമദ്യവും വാറ്റുപകരണങ്ങളും നശിപ്പിക്കുകയും കുറ്റക്കാർക്കെതിരെ അബ്കാരി ആക്ട് അനുസരിച്ച് കേസ്സുകൾ എടുക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ 'ക്രൈം സ്റ്റോപ്പർ' കോൾ മുഖേന ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ജില്ലാ ബ്ലോക്ക് തലങ്ങളിൽ ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ജനകീയ സമിതികൾ രൂപീകരിച്ച് ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

29 (321) സംസ്ഥാനത്തെ മദ്യഷാപ്പുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; റെയിഞ്ച് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) 1999-2000 വർഷത്തിൽ ഈ കള്ളുഷാപ്പുകൾ എന്ത് തുകയ്ക്കാണ് ലേലം നൽകിയിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly